LIBRARY ARCHIVES Kerala Legislative Assembly

ജനപ്രതിനിധികളുടെയും രാഷ്ട്രീയനേതാക്കളുടെയും സാന്നിധ്യത്തിൽ പ്രതിഷേധക്കാരുമായി ചർച്ച നടത്തുകയും പൊതുജനങ്ങൾ ഉന്നയിച്ച പല ആവശ്യങ്ങളും കൺസഷണർ എഗ്രിമെന്റിന്റെ പരിധിയിൽ വരുന്നതല്ലെന്ന് പ്രതിഷേധക്കാരെ ബോധ്യപ്പെടുത്തുകയുമുണ്ടായി. കൺസഷണർ എഗ്രിമെന്റിൽ വരുന്ന ബാക്കി പ്രവൃത്തികൾ മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണെന്നും കൺസഷണർ കമ്പനി അറിയിക്കുകയുണ്ടായി. തുടർന്ന് 2-6-2015 മുതൽ ടോൾ പിരിവ് പുനരാരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷനിലൂടെ ചൂണ്ടിക്കാട്ടിയ പാത നിർമ്മാണത്തിലെ അപാകതകൾ കൺസഷണർ എഗ്രിമെന്റിന്റെ നിബന്ധനകൾക്കുള്ളിൽ നിന്നുകൊണ്ട് പരിഹരിക്കുവാൻ കരാർ ഏറ്റെടുത്ത കമ്പനിക്കും നാഷണൽ ഹൈവേ അതോറിറ്റിക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞിട്ടുള്ള കാര്യങ്ങൾ കേന്ദ്രഗവൺമെന്റിനെയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെയും അറിയിക്കുന്നതും നടപടിയുണ്ടാക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്നതുമാണ്. 75 ശതമാനം പണി പൂർത്തീകരിച്ചാൽ ആ ഭാഗത്ത് ടോൾ പിരിവ് നടത്താമെന്ന് എഗ്രിമെന്റിലുണ്ട്. സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റും വച്ചിട്ടുള്ളതാണ്. അതാണ് ടോൾ പിരിവിന് ഇപ്പോൾ അവർക്ക് പിൻബലം നൽകുന്ന പ്രധാന സംഗതി. കളക്ടറുമായി നടത്തിയ സംഭാഷണത്തിൽ അവിടത്തെ ആക്ഷൻ കമ്മിറ്റിക്കാരും ഇക്കാര്യത്തെ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിച്ചിട്ടുണ്ട്. ഈ സബ്മിഷൻ കിട്ടിയ ഉടൻതന്നെ ഇതുമായി ബന്ധപ്പെട്ട് കളക്ടറേയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഉദ്യോഗസ്ഥന്മാരെയുമെല്ലാം ബന്ധപ്പെട്ട് ഇതിനെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച അണ്ടർ പാസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഡി.പി.ആർ.-ൽ ഉണ്ട്. കൺസഷണർ എഗ്രിമെന്റിലുണ്ടെങ്കിൽ അത് ഉടനെ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

6. സ്വകാര്യ ആശുപത്രികളുടെയും മെഡിക്കൽ ലാബുകളുടെയും ചൂഷണം

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ) : സർ, ആരോഗ്യരംഗത്ത് മാരകമായ ജീവിതശൈലീ രോഗങ്ങളും മറ്റ് ഇതര രോഗങ്ങളും വളരെക്കൂടുതലായി കേരളത്തെ ഗ്രസിച്ചുകൊണ്ടിരിക്കുകയാണ്. രോഗങ്ങളുടെയും രോഗികളുടെയും എണ്ണം വർദ്ധിക്കുന്നത് വളരെ കൂടുതലായതുകൊണ്ട് സർക്കാർ ആശുപത്രികളിലും സർക്കാർ ലാബുകളിലും പര്യാപ്തമായ ചികിത്സ കൊടുക്കാൻ സാധിക്കാത്ത ഒരു സാഹചര്യമാണ് ഇന്നുള്ളത്. അതിന്റെ ഫലമായി സംസ്ഥാനത്തെ ജനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതലായും സ്വകാര്യ ആശുപത്രികളെയും സ്വകാര്യ ലാബുകളെയുമൊക്കെ ആശ്രയിക്കേണ്ടി വന്നിരിക്കുകയാണ്. രോഗം വർദ്ധിക്കുമ്പോൾ സ്വകാര്യ ലാബുകളിലേക്കും സ്വകാര്യ ആശുപത്രികളിലേക്കും പോകുന്ന രോഗികളുടെ എണ്ണം വളരെയധികം വർദ്ധിക്കുന്നു. ചില സ്വകാര്യ ആശുപത്രികളിലെ ലാബുകളൊക്കെ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് അംഗീകരിക്കുന്നു. എന്നാൽ വളരെയധികം സ്വകാര്യ ആശുപത്രികളും സ്വകാര്യ ലാബുകളും ജനങ്ങളെ ചൂഷണം ചെയ്യുന്നു എന്നത് യാഥാർത്ഥ്യമാണ്. നമ്മുടെ സംസ്ഥാനത്ത് അക്രഡിറ്റേഷനോ അംഗീകാരമോ ഇല്ലാത്ത പല ആശുപത്രികളും സ്വകാര്യ സ്ഥാപനങ്ങളുമൊക്കെ വളർന്നുവരികയാണ്. ഇങ്ങനെയൊരവസ്ഥയിൽ മാരക രോഗങ്ങളുണ്ടാകുമ്പോൾ അവ ചികിത്സിച്ച് ഭേദപ്പെടുത്താമെന്നും വന്ധ്യത മാറ്റിക്കൊടുക്കാമെന്നുമൊക്കെ പറഞ്ഞ് ചില സ്ഥാപനങ്ങൾ ഉയർന്നുവരുന്നു. ഒരുപക്ഷേ മാറ്റാൻ പറ്റാത്ത രോഗങ്ങൾപോലും മാറ്റാമെന്ന് പറയുന്ന നിലയിലുള്ള പരസ്യങ്ങളൊക്കെ നൽകി ആളുകളെ ആകർഷിക്കുകയാണ്. അങ്ങനെ നടത്തപ്പെടുന്ന സ്ഥാപനങ്ങളുടെ നിലവാരത്തെ സംബന്ധിച്ചോ അവിടെയുള്ള സേവനങ്ങളെ സംബന്ധിച്ചോ അവിടെ ഈടാക്കുന്ന ഫീസിനെ സംബന്ധിച്ചോ ഒരു ഏകീകരണവുമില്ലെന്നുള്ളത് വളരെ വിഷമകരമായ ഒരു കാര്യമാണ്. 2013-ൽ 'കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നിയന്ത്രണം' എന്ന ബിൽ ഇവിടെ സർക്കുലേഷനുവേണ്ടി കൊടുക്കുകയുണ്ടായി. ആ ബിൽ ഇതുവരെ നിയമമാക്കാൻ കഴിഞ്ഞിട്ടില്ല. അതിനെക്കുറിച്ച് ഗൗരവമായി ശ്രദ്ധിക്കുകയും ഇക്കാര്യങ്ങളൊക്കെ നിയന്ത്രിക്കുന്നതിനുവേണ്ടി സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുകയും ചെയ്യണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ ഫീസ് ഏകീകരണം എന്നിവയിലേക്കായി 'ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' എന്ന പേരിൽ ഒരു ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത ബിൽ നിയമമാകുമ്പോൾ സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ ലാബുകൾ എന്നിവയുടെ പ്രവർത്തനത്തിൽ സർക്കാരിന്റെ നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുന്നതാണ്. അതോടൊപ്പം ഇക്കാര്യങ്ങൾ ഉൾക്കൊണ്ടു കൊണ്ടുതന്നെ 250-ഓളം ലാബുകൾ പി.എച്ച്.സി. തലത്തിൽ തുടങ്ങുന്നതിനു വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ ലാബുകളിൽ സേഫ് കേരള പദ്ധതിയുടെ ഭാഗമായി സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

വ്യാപകമായി പരിശോധനകൾ നടത്തിവരികയാണ്. കൂടുതൽ ലാബുകൾ പരിശോധന നടത്തുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. പൊതുജനാരോഗ്യ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകാനിടയുള്ള കാര്യങ്ങൾ മുൻനിർത്തിയാണ് പരിശോധന നടത്തുന്നത്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പാസ്സാകുന്നതോടുകൂടി കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നുള്ളതാണ് ഒരു യാഥാർത്ഥ്യം. ഈ ബിൽ ഇപ്പോഴത്തെ സമ്മേളന ത്തിൽത്തന്നെ അവതരിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം നടത്തുന്നതാണ്.

7. സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥ

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, കാസർഗോഡ് ജില്ലയിൽ ആരോഗ്യരംഗം വളരെ ശോചനീയമായ അവസ്ഥയിലാണ്. ജില്ലയിലെ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫുമില്ലാത്ത സാഹചര്യമാണുള്ളത്. 50 വർഷത്തിലേറെയായി നിലനിൽക്കുന്ന സ്റ്റാഫ് പാറ്റേൺ തന്നെയാണ് നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴും നിലനിൽക്കുന്നത്. അതിന്റേതായ എല്ലാ കുറവുകളും ഈ മേഖല നേരിട്ടുകൊണ്ടിരിക്കുകയാണ്. പകർച്ചവ്യാധികൾ, പ്രത്യേകിച്ച് ഡെങ്കിപ്പനി ബാധിച്ച് ദിനംപ്രതി നൂറുകണക്കിനാളുകൾ സർക്കാർ ആശുപത്രികളിൽ എത്തുന്നുണ്ടെങ്കിലും ഇത്തരക്കാർക്ക് മതിയായ ചികിൽസ ലഭ്യമാക്കാൻ ഈ ആശുപത്രികൾ സജ്ജമല്ല. ജില്ലയിലെ അലോപ്പതി ആശുപത്രികളിൽ 210 ഡോക്ടർമാരുടെ തസ്തികയുള്ളതിൽ 60 എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. 63 സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ വേണ്ടിടത്ത് വെറും 39 പേർ മാത്രമാണ് ജില്ലയിലുള്ളത്. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽത്തന്നെ 11 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും 6 അസിസ്റ്റന്റ് സർജൻമാരുടെയും ഒഴിവുകൾ നിലവിലുണ്ട്.

ജില്ലയിലെ ഹോമിയോപ്പതി ആശുപത്രികളിൽ സൂപ്രണ്ട് ഉൾപ്പെടെ 10 ഡോക്ടർമാരുടെയും 13 ഫാർമസിസ്റ്റുകളുടെയും 5 നഴ്സുമാരുടെയും 7 അറ്റന്റർമാരുടെയും ഒഴിവുകളുണ്ട്. ആയുർവേദ ആശുപത്രികളിൽ 6 ഡോക്ടർമാരുടെയും 4 ഫാർമസിസ്റ്റുകളുടെയും ഒഴിവുകൾ നികത്തിയിട്ടില്ല. ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് ജില്ലാ പഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങളൊരുക്കിയെങ്കിലും അതിനാവശ്യമായ സഹായം കാരുണ്യ പദ്ധതി യിൽനിന്ന് ലഭിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉപകരണങ്ങൾ സ്ഥാപിക്കാത്തതുകൊണ്ട് ഇപ്പോഴും ഡയാലിസിസ്